# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

22/03/2013 - ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ *123

## കൃഷിനാശം നേരിടുന്ന കർഷകർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മാത്യു.റ്റി.തോമസ്<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ.സി.കെ.നാണു<br>ശ്രീ.ജോസ് തെറ്റയിൽ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കേരളം അഭിമുഖീകരിക്കുന്ന അതിരൂക്ഷമായ വരൾച്ച കാരണം ഉണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ കൃഷിനാശത്തെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; | (എ) & (ബി) | ഉണ്ട്. 2012-2013 വർഷത്തിലുണ്ടായ വരൾച്ച കാരണം സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ 5810.68 കോടി രൂപയുടെ നാശമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ ; | | |
| (സി) | കൃഷിനാശം സംഭവിച്ച കർഷകർക്ക് എന്ത് സഹായമാണ് നൽകാൻ ഉദ്ദേശിക്കുന്നത് ; | (സി) & (ഡി) | വരൾച്ച മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 11/06/2012 ലെ ജി.ഒ. (എം.എസ്.)നം.239/2012/ഡി.എം.ഡി. ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം നൽകുന്നതാണ്. കൃഷി ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും ആനുകൂല്യങ്ങൾ നൽകുന്നതാണ്. കൂടാതെ വരൾച്ച മൂലം പൂർണ്ണമായും നെൽകൃഷി നശിച്ചുപോയ കർഷകർക്ക് 15,240 കിലോ നെൽവിത്ത് സംസ്ഥാന വിത്തുവികസന അതോറിറ്റി മുഖേന ഇതിനകം നൽകിയിട്ടുണ്ട്. |
| (ഡി) | അത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ; | | |

| | | | |
|---|---|---|---|
| (ഇ) | കൃഷിനാശം നേരിടുന്ന കർഷകരെ സഹായിക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ; | (ഇ) | ഉണ്ട്. |
| (എഫ്) | എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ലഭിച്ചിട്ടുള്ള മറുപടിയും എന്താണെന്ന് വ്യക്തമാക്കാമോ ? | (എഫ്) | കൃഷി ഉൾപ്പെടെ വിവിധ മേഖലകൾക്കായി വരൾച്ചാ ബധിതമായി പ്രഖ്യാപിച്ച തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലകൾക്ക് വേണ്ടി 1995 കോടി രൂപയും സംസ്ഥാനത്തെ എല്ലാ ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനെ തുടർന്ന് 7888.097 കോടി രൂപയും അധിക സാമ്പത്തിക സഹായമായി ലഭിക്കാൻ കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ സ്പെഷ്യൽ പാക്കേജായി 3936.81 കോടി രൂപയുടെ സഹായവും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. മാർച്ച് 18-20 വരെ കേന്ദ്ര സർക്കാർ നിയോഗിച്ച കേന്ദ്ര സംഘം ജില്ലകളിൽ പരിശോധന നടത്തുന്നതാണ് 21-ാം തീയതി മുഖ്യമന്ത്രിയും റവന്യൂ മന്ത്രിയും മറ്റ് മന്ത്രിമാരുമായും ചർച്ച നടത്തി. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | ബാധിച്ച പ്രദേശം (ഹെക്ടറിൽ) | കർഷകർ | ഏകദേശ നഷ്ടം (കോടി രൂപയിൽ) |
|---|---|---|---|
| തിരുവനന്തപുരം | 29,935 | 26,644 | 903.89 |
| കൊല്ലം | 11,925.11 | 7,312 | 42.56 |
| ആലപ്പുഴ | 34,266 | 7,550 | 307.16 |
| പത്തനംതിട്ട | 27,422 | 3,252 | 506.73 |
| കോട്ടയം | 5,267 | 752 | 75.07 |
| ഇടുക്കി | 15,079 | 3,565 | 227.58 |
| എറണാകുളം | 50 | 127 | 1.21 |
| തൃശ്ശൂർ | 23,040 | 1,250 | 391.19 |
| പാലക്കാട് | 67,779.92 | 24,973 | 1122.18 |
| മലപ്പുറം | 22,127 | 864 | 396.18 |
| കോഴിക്കോട് | 3,500 | 436 | 61.18 |
| വയനാട് | 63,929 | 38,125 | 1766.02 |
| കണ്ണൂർ | 427.5 | 153 | 1.71 |
| കാസർഗോഡ് | 1,020 | 728 | 8.02 |
| ആകെ | 3,05,787.3 | 1,15,731 | 5810.68 |

സെക്ഷൻ ഓഫീസർ